00007

**സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം**
**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**
Tel: 0471- 2561613, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

THE DIRECTOR OF SOCIAL JUSTICE
03 JAN 2017
...DRUM *

**AP.No`1471(1)/14/SIC**

No.8312/SIC-Gen4/2014 Date:26/12/2016

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ
തിരുവനന്തപുരം- 695 033.

സർ,

വിഷയം: - വിവരാവകാശ നിയമം, 2005 – ശ്രീമതി. എലിസബത്ത് തോമസ് സമർപ്പിച്ച അപ്പീൽ (AP.No. 1471 (1)/14/SIC) - സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 30/11/2016 ലെ ഉത്തരവ് ( **പകർപ്പ് ഉള്ളടക്കം ചെയ്യുന്നു**)

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി.എലിസബത്ത് തോമസ് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ താങ്കൾ യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല എന്നു കമ്മീഷൻ കണ്ടെത്തുകയുണ്ടായി. ഇത് വിവരാവകാശ നിയമം വകുപ്പ് 7(1) ന്റെ ലംഘനവും വകുപ്പ് 20 പ്രകാരം ശിക്ഷാർഹവുമാണ്. കമ്മീഷൻ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താങ്കൾക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20 (1) പ്രകാരം ശിക്ഷാനടപടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശിക്ഷാനടപടികൾ ആരംഭിക്കാതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദീകരണം 15 ദിവസത്തിനകം കമ്മീഷൻ സെക്രട്ടറിക്ക് അയച്ചു തരേണ്ടതാണെന്നും കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിട്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണെന്നും അറിയിക്കുന്നു.

താങ്കൾ വിശദീകരണം സമർപ്പിക്കാതിരിക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ മേൽ പ്രസ്താവിച്ച വകുപ്പു പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**എൻ.വിജയകുമാർ**
കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

DESPATCHED on 15/12/16

## ഹർജി നമ്പർ AP No.1471*(1)/2014/എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നം.8312/*എസ്.ഐ.സി-ജി 4/2014*)**

**സന്നിഹിതൻ**

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീമതി. എലിസബത്ത് തോമസ്,
എയ്ഞ്ചൽ ഗാർഡൻ,
മട്ടാൾ ക്ഷേത്രത്തിനു സമീപം,
പള്ളുരുത്തി പി.ഒ., കൊച്ചി - 6. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം - 695 033.
2. അപ്പീൽ അധികാരി,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം - 695 033. } എതിർകക്ഷികൾ

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. എലിസബത്ത് തോമസ് 29.05.2014 തീയതിയായി സമർപ്പിച്ച അപ്പീൽ ഹർജി 09.06.2014 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1471(1)/14/SIC ആയി ഫയലിൽ സ്വീകരിച്ച് 11.07.2014 തീയതി രണ്ടാം എതിർകക്ഷിയുടെ വിശദമായ റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും ആയതുപ്രകാരമുള്ള റിപ്പോർട്ട് 30.07.2014 തീയതി കമ്മീഷൻ ഓഫീസിലേയ്ക്ക് അയച്ച് തരികയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പി.എച്ച്. ലിസ്റ്റിൽപ്പെട്ട ഹർജിക്കാരിയുടെ സഹോദരൻ ആന്റണി കെ. എ. യും ഹർജിക്കാരിയും കൂടി 2013 ഡിസംബർ 4 ന് തിരുവനന്തപുരത്ത് ചെന്ന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കൈയ്യിൽ നൽകിയ അപേക്ഷ അട്ടിമറിച്ചത് ആരാണെന്നും, എന്തുകൊണ്ട് ഹർജിക്കാരിയുടെ സഹോദരൻ ആന്റണി കെ.എ. യ്ക്ക് മാത്രം ഇതുവരെ ജോലി കിട്ടിയില്ല എന്നും മറ്റുമാണ്.

3. 05.11.2016 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരി ഹാജരുണ്ടായിരുന്നില്ല.

4. 10.03.2014 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ഹർജിക്കാരിയുടെ സഹോദരൻ ആന്റണി കെ. എ. 2002 മേയ് മാസം മുതൽ 2002 നവംബർ വരെ 179 ദിവസം ബിൽ കളക്ടർ/എൽ.ഡി.സി. ആയി കൊച്ചി കോർപ്പറേഷനിൽ ജോലി ചെയ്ത ഒരു പി.എച്ച്. ഉദ്യോഗാർത്ഥിയാണെന്നും താത്ക്കാലിക ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തി ഉത്തരവ് ഇറക്കിയിട്ടും ആന്റണിയോടൊപ്പം ഉണ്ടായിരുന്നവർ ജോലിയ്ക്ക് കയറിയിട്ടും 6 മാസത്തിൽ അധികമായി എന്നും ബന്ധപ്പെട്ട രേഖകളും അപേക്ഷയുമായി എറണാകുളം ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറുടെ കത്ത് സഹിതം ആന്റണിയും ഹർജിക്കാരിയും തിരുവനന്തപുരം വികാസ് ഭവനിലുള്ള സാമൂഹ്യ ക്ഷേമ ഡയറക്ടർക്ക് നേരിട്ട് കത്ത് നൽകിയെന്നും എന്നാൽ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ ഓഫീസിലെ എച്ച്.4 സീറ്റ് പല കാരണങ്ങൾ പറഞ്ഞ് അപേക്ഷ പൂഴ്ത്തിവെച്ചിരിക്കുകയാണുണ്ടായതെന്നും 20,000/- രൂപ വേണ്ടപ്പെട്ടവർക്ക് കൊടുത്താൽ മാത്രമേ ജോലി കിട്ടുകയുള്ളൂ എന്ന വിവരം ലഭിച്ചുവെന്നും ആയതിനാൽ ഹർജിക്കാരിയുടെ സഹോദരൻ ആന്റണിയുടെ ഫയൽ ഡയറക്ടറേറ്റിൽ പൂഴ്ത്തി വെച്ചിരിക്കുന്നത് എത്ര രൂപ കിട്ടാനാണെന്നും അത് കൈപ്പറ്റിയാൽ ഉടൻ വിളിക്കുമോ എന്നും ടി പണം എവിടെ, ആരെ ഏൽപ്പിക്കണമെന്നും പണം കൈപ്പറ്റുന്ന ആൾ രസീതോ, മറ്റുവല്ലതും തരുമോ

എന്നും ഡയറക്ടറുടെ ഓഫീസിൽ ഇനി എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്നും എത്രപേർക്ക് ജോലി കിട്ടാനുണ്ടെന്നും അവരുടെ പേരും, അഡ്രസ്സും, മറ്റു വിവരങ്ങളും നൽകണമെന്നും എറണാകുളം ജില്ലയിൽ നിന്നും ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളത് എത്രപേരാണെന്നും അവരുടെ പേരും, അഡ്രസ്സും, മറ്റു വിവരങ്ങളും നൽകണമെന്നും പൈസ കിട്ടിക്കഴിഞ്ഞാൽ ഇലക്ഷന് മുമ്പ് തന്നെ ജോലി കിട്ടുമെന്ന് വല്ല ഗ്യാരന്റിയും ഉണ്ടോ എന്നും, വികലാംഗരെ വച്ച് വിലപേശുന്ന ഉദ്യോഗസ്ഥർക്കെതിരെ സാമൂഹ്യ നീതി വകുപ്പ് എന്ത് നടപടി എടുക്കുമെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

5. ടി അപേക്ഷയ്ക്ക് 31.03.2014 തീയതി നൽകിയ മറുപടിയിൽ ഹർജിക്കാരി വളരെ ഗുരുതരമായ ആരോപണങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് എന്നും ആയതിനാൽ 08.04.2014 തീയതി ഹർജിക്കാരിയോട് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകുവാൻ ആവശ്യപ്പെട്ടതായും കാണുന്നു. 30.04.2014 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചതായും ആയതിന് 23.05.2014 തീയതി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. ടി മറുപടി പ്രകാരം 31.03.2014 ലെ കൂടിക്കാഴ്ചയ്ക്ക് ഹർജിക്കാരി ഹാജരായില്ല എന്നും 02.06.2014 തീയതി കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് അറിയിച്ചതായും കാണുന്നു.

6. 30.07.2014 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ 16.08.1999 മുതൽ 31.12.2003 വരെ എംപ്ലോയ്മെന്റ് എക്ചേഞ്ചുകൾ മുഖേന 179 ദിവസം താത്ക്കാലിക സേവനം പൂർത്തീകരിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി 07.08.2013 ലെ 63/13/എസ്.ജെ.ഡി. സർക്കാർ ഉത്തരവ് പ്രകാരം 1399 അംഗപരിമിതരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ടി നിയമനവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ നടത്തിയ വികലാംഗ പുനർനിർണ്ണയ ക്യാമ്പിൽ പങ്കെടുത്തിട്ടുള്ള അംഗപരിമിതർക്ക് 40% ൽ താഴെ മാത്രം വൈകല്യം രേഖപ്പെടുത്തിയതിനാൽ അവരെ സ്ഥിര നിയമനത്തിന് പരിഗണിച്ചില്ല എന്നും പ്രസ്തുത മെഡിക്കൽ ക്യാമ്പിന് ശേഷം മെഡിക്കൽ ബോർഡ് വിതരണം ചെയ്ത വികലാംഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടി വികലാംഗരെ നിയമനത്തിന് പരിഗണിക്കുമെന്ന് സർക്കാർ

RIGHT TO INFORMATION

നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതു പ്രകാരമാണ് വികലാംഗ പുനർ നിർണ്ണയ പരിശോധനയിൽ 40% ൽ താഴെ വൈകല്യമുള്ള ശ്രീ. ആന്റണി കെ. എ. എന്ന അംഗപരിമിതനെ സ്ഥിര നിയമനത്തിന് പരിഗണിക്കുന്നതിന് എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ ശിപാർശ കത്തും അനുബന്ധ രേഖകളും അപേക്ഷകൻ നേരിട്ട് സമർപ്പിച്ചതെന്നും അംഗപരിമിതരെ വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിന് 2677 സൂപ്പർ ന്യൂമററി തസ്തികകൾ ആണ് സർക്കാർ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതെന്നും നാളിതുവരെ 1727 അംഗപരിമിതർക്ക് നിയമനം നൽകിക്കഴിഞ്ഞുവെന്നും നിയമനത്തിന് പരിഗണിക്കപ്പെട്ട അംഗപരിമിതരുടെ പേര്, മേൽവിലാസം, ഓഫീസ്, തസ്തിക, വകുപ്പ്, കാലയളവ് എന്നീ വിശദാംശങ്ങളിൽ നിരവധി തെറ്റുകൾ കടന്നുകൂടുകയും വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തിരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളും അനുബന്ധ രേഖകളും വിശദമായി പരിശോധിക്കേണ്ടിയിരുന്നതിനാലും അപേക്ഷകൾ ക്രോഡീകരിച്ച് ഒറ്റ ലിസ്റ്റാക്കി അയയ്ക്കേണ്ടിയിരുന്നതിനാലുമാണ് കാലതാമസം വന്നിട്ടുള്ളതെന്നും എറണാകുളം ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്നുള്ള അപേക്ഷ 04.12.2013 തീയതി ഹർജിക്കാരിയുടെ സഹോദരൻ സമർപ്പിച്ചത് സൂക്ഷ്മ പരിശോധനകൾക്ക് ശേഷം 24.03.2014 ലെ 14/40092/12(3) കത്തു പ്രകാരം ഹർജിക്കാരിയുടെ സഹോദരന്റെ പേര് ഉൾപ്പെട്ട അഡീഷണൽ ലിസ്റ്റ് സർക്കാരിന് സമർപ്പിയ്ക്കുകയും 28.05.2014 ലെ സ.ഉ.(പി.)45/14/എസ്.ജെ.ഡി. ഉത്തരവ് പ്രകാരം എറണാകുളം നിയമന ലിസ്റ്റിലെ ക്രമനമ്പർ 3 ആയി ടിയാന്റെ പേര് ചേർത്ത് ഉത്തരവായിട്ടുണ്ടെന്നും ഹർജിക്കാരി ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച് കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചിരുന്നുവെങ്കിലും ടിയാൾ ഹാജരായില്ല എന്നും മറ്റും പ്രസ്താവിച്ചതായി കാണുന്നു.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരിയുടെ സഹോദരന് നിയമനം ലഭിക്കാത്ത കാരണത്താൽ ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ പൊതുവായ ആരോപണങ്ങൾ ഉയർത്തിയിരിക്കുന്നതായും ആയതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഹർജിക്കാരിയെ കൂടിക്കാഴ്ച്ചയ്ക്ക് ക്ഷണിച്ചിട്ടും ടിയാൾ ആയതിൽ

പങ്കെടുത്തില്ല എന്നും ഹർജിക്കാരിയുടെ സഹോദരന്റെ നിയമന ഉത്തരവ് പിന്നീട് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ബോധ്യമാകുന്നു. ഹർജിക്കാരിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ 4, 7, 13 എന്നീ ഇനങ്ങൾ സംബന്ധിച്ച് മാത്രമാണ് വിവരങ്ങൾ നൽകാൻ സാധിക്കുന്നത് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. എന്നാൽ ടി ഇനങ്ങൾ സംബന്ധിച്ച് എതിർകക്ഷികൾ ഹർജിക്കാരിക്ക് എന്തെങ്കിലും മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ ടിയാനെതിരെ മേൽ വകുപ്പുപ്രകാരമുള്ള അന്തിമനടപടി കമ്മീഷൻ സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിക്കുന്നു. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

8. കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ള ടി ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഹർജിക്കാരിക്ക് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം നൽകണമെന്ന് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2016 നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

am

RIGHT TO INFORMATION